15957
17/10/16

**കേരള സർക്കാർ.**

**<u>സംഗ്രഹം</u>**

കൃഷി വകുപ്പ് - 2016 ചിങ്ങം 1 മുതൽ 2017 ചിങ്ങം 1 വരെ കേരളം നെൽവർഷമായി ആചരിക്കുന്നതിന്റെ ഭാഗമായി നടത്തേണ്ട 100 പ്രവർത്തനങ്ങൾ ഉൾപ്പെട്ട കർമ്മ പദ്ധതി അംഗീകരിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി ( ആസൂത്രണം - എ ) വകുപ്പ്**

**സ.ഉ.(കൈ)നമ്പർ 142/2016/കൃഷി** **തീയതി, തിരുവനന്തപുരം, 15/10/2016**

---

പരാമർശം :- സ.ഉ (കൈ) നം. 124/2016/കൃഷി. തീയതി: 11.08.2016.

**<u>ഉത്തരവ്</u>**

നെൽകൃഷി മേഖലയിൽ പുതിയ ഉണർവ്വ് സൃഷ്ടിച്ച്, ആഭ്യന്തരമായി ഉൽപാദിപ്പിച്ച അരി ഉപയോഗത്തിന് ഊന്നൽ നൽകിക്കൊണ്ട് അനുബന്ധ മേഖലകളെ പ്രോത്സാഹിപ്പിക്കുന്നതിന് 2016 ഓണം മുതൽ 2017 ഓണം വരെയുള്ള കാലയളവ് നെൽവർഷമായി ആചരിക്കുവാൻ തീരുമാനിച്ചുകൊണ്ട് പരാമർശപ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2) 2016 ചിങ്ങം 1 മുതൽ 2017 ചിങ്ങം 1 വരെ കേരളം നെൽവർഷമായി ആചരിക്കുന്നതിന്റെ ഭാഗമായി നടത്തേണ്ട, ചുവടെ ചേർക്കുന്ന 100 പ്രവർത്തനങ്ങൾ ഉൾപ്പെട്ട കർമ്മ പദ്ധതി അംഗീകരിച്ച് ഇതിനാൽ ഉത്തരവാകുന്നു.

## I. നെല്ലുത്പാദനം

1. പരമ്പരാഗത വിത്തുശേഖരണം
2. പരമ്പരാഗത നെല്ലിനങ്ങൾ കൃഷി ചെയ്യുക
3. സാധ്യമായ ഇടങ്ങളിൽ വാണിജ്യ കൃഷി ചെയ്യുക
4. ഒറ്റഞാർ കൃഷി രീതികൾ പ്രചരിപ്പിക്കുക
5. പുതുതലമുറ യന്ത്രങ്ങൾ പരിചയപ്പെടുത്തുകയും പ്രചരിപ്പിക്കുകയും ചെയ്യുക
6. പാടശേഖരങ്ങളുടെ കാര്യക്ഷമത അവലോകനം
7. ജൈവ നെൽകൃഷി വ്യാപിപ്പിക്കുക
8. വൃക്ഷായുർവേദ രീതികൾ പ്രചരിപ്പിക്കുക
9. തരിശ്ശുനില കൃഷി
10. കരനെൽകൃഷി
11. പൊക്കാളി കൃഷി കാര്യക്ഷമമാക്കുക
12. കൈപ്പാട് കൃഷി കാര്യക്ഷമമാക്കുക
13. മണ്ണ് പരിപോഷകങ്ങൾ പ്രചരിപ്പിക്കുക
14. ബോറോൺ ഉൾപ്പെടെയുള്ള സൂക്ഷ്മ മൂലകങ്ങൾ പ്രചരിപ്പിക്കുക
15. സംതുലിത വള പ്രയോഗ രീതികൾ പ്രചരിപ്പിക്കുക

16. കർഷക കൃഷിയിട വിദ്യാലയങ്ങൾ സംഘടിപ്പിക്കുക
17. വലിയ പ്രദർശന തോട്ടങ്ങൾ സംഘടിപ്പിക്കുക
18. കൃഷിയിടങ്ങളിൽ താമസിച്ച് വിദ്യാർത്ഥികൾക്ക് കാർഷികാനുഭവങ്ങൾ നൽകുക
19. മികച്ച കർഷകരുടെ കൃഷിരീതികൾ സമാഹരിക്കുക
20. തൊഴിലുറപ്പ് പദ്ധതികളുമായി ഏകോപിപ്പിച്ച് നടപ്പാക്കുക
21. ജലസേചന പദ്ധതികളുമായി ഏകോപിപ്പിച്ച് നടപ്പാക്കുക
22. കുടുംബശ്രീ പദ്ധതികളുമായി ഏകോപിപ്പിച്ച് നടപ്പാക്കുക
23. സഹകരണ വകുപ്പ് പദ്ധതികളുമായി ഏകോപിപ്പിച്ച് നടപ്പാക്കുക
24. വയനാട്ടിലെ സുഗന്ധ നെല്ലിനങ്ങൾ പ്രചരിപ്പിക്കുകയും മറ്റു ജില്ലകളിൽ ഉപയോഗം പ്രോത്സാഹിപ്പിക്കുകയും ചെയ്യുക
25. നവര തുടങ്ങിയ ഔഷധ നെല്ലിനങ്ങൾ പ്രചരിപ്പിക്കുക
26. ആദിവാസി നെൽമേഖലകൾ പരിപോഷിപ്പിക്കുക
27. നെൽകൃഷിയിൽ പാരിസ്ഥിതിക എഞ്ചിനീയറിംഗ് പരിപോഷിപ്പിക്കുക
28. ഗ്രൂപ്പുകളിൽ ട്രൈക്കോ കാർഡ്സ് ഉൽപാദനയൂണിറ്റുകൾ സ്ഥാപിക്കുക
29. മണ്ണുപരിശോധന ക്യാമ്പയിനുകൾ സംഘടിപ്പിക്കുക
30. ബോധവൽക്കരണ പ്രോഗ്രാമുകൾ സംഘടിപ്പിക്കുക
31. അരിയും ആരോഗ്യവുമായി ബന്ധപ്പെട്ട ബോധവൽക്കരണം സംഘടിപ്പിക്കുക
32. നഗരപ്രദേശങ്ങളിൽ നെൽകൃഷി പ്രോത്സാഹിപ്പിക്കുക
33. നെൽകൃഷിയിടങ്ങളിൽ പയർ/തീറ്റപ്പയർ വിളകൾ പ്രോത്സാഹിപ്പിക്കുക
34. നെല്ല് പച്ചക്കറി വിള സമ്പ്രദായം പരിപോഷിപ്പിക്കുക
35. സഹകരണവകുപ്പുമായി സഹകരിച്ച് പലിശരഹിത വായ്പകൾ സംഘടിപ്പിക്കുക
36. ക്ഷീര മേഖലയിൽ അരിയുടെ പ്രാധാന്യം വർദ്ധിപ്പിക്കുക
37. നെൽവയലേലകളിലൂടെയുള്ള നടന്നുള്ള പ്രചരണം സംഘടിപ്പിക്കുക
38. റീജിയണൽ ട്രെയിനിംഗ് സെന്റർ, ഫാർമർ ട്രെയിനിംഗ് സെന്റർ, ബ്ലോക്ക് പഞ്ചായത്തുതല പരിശീലന പരിപാടികൾ സംഘടിപ്പിക്കുക
39. നെൽകൃഷിയെ സംബന്ധിച്ച് റേഡിയോവിലൂടെ ഒരുവർഷ പ്രോഗ്രാം അവതരിപ്പിക്കുക
40. വയ്ക്കോൽ കട്ട നിർമ്മാണം പ്രചരിപ്പിക്കുക
41. നെൽകൃഷിയിൽ കാർഷികസേവനകേന്ദ്രങ്ങൾ പ്രോത്സാഹിപ്പിക്കുക
42. നെൽകൃഷിയിൽ കാർഷിക കർമ്മസേനയെ ഭാഗമാക്കുക
43. ജൈവോത്പാദനോപാധികൾക്ക് ബയോഫാർമസി ആരംഭിക്കുക
44. പഞ്ചായത്ത്/ബ്ലോക്ക്/കാർഷികമേഖല/നിയോജകമണ്ഡലാടിസ്ഥാനത്തിലുള്ള പദ്ധതികളുമായി ഏകോപിപ്പിക്കുക
45. കരനെൽ കർഷകരെ സംഘടിപ്പിക്കുക
46. നഗരങ്ങളിലെ നെൽകർഷകരെ സംഘടിപ്പിക്കുക
47. മികച്ച കർഷകർക്ക് അവാർഡുകൾ നൽകുക
48. മികച്ച പാടശേഖരങ്ങൾക്ക് അവാർഡുകൾ നൽകുക
49. മികച്ച പഞ്ചായത്തുകൾക്ക് അവാർഡുകൾ നൽകുക
50. തരിശുരഹിത പഞ്ചായത്തുകൾക്ക് അവാർഡുകൾ നൽകുക
51. നെൽകൃഷിയിടങ്ങൾ തുടർച്ചയായി കൃഷി ചെയ്യുന്നതിന് പ്രോത്സാഹിപ്പിക്കുക
52. വിത്തുകൈമാറ്റ മേളകൾ സംഘടിപ്പിക്കുക
53. നെൽകൃഷി തണ്ണീർത്തട നിരീക്ഷണ സമിതികൾ സംഘടിപ്പിക്കുക
54. നെൽകൃഷി- തണ്ണീർത്തട ഡേറ്റാബാങ്ക് പ്രസിദ്ധീകരിക്കുക
55. നെൽകൃഷി സംബന്ധിച്ച ഡി.വി.ഡി. കൾ പുറത്തിറക്കുക.
56. അനുഭവജ്ഞാനമുള്ള പഴയ കർഷകരുടെ കൃഷി രീതികൾ സമാഹരിക്കുക.
57. മറ്റു ജില്ലകൾ/സംസ്ഥാനങ്ങൾ/സ്ഥാപനങ്ങളിൽ പഠനയാത്ര സംഘടിപ്പിക്കുക.
58. ആത്മ പ്ലസ് പദ്ധതിയിൽ കർഷക സാങ്കേതിക വിദ്യാവികസനം പ്രോത്സാഹിപ്പിക്കുക.

59. സസ്യ സംരക്ഷണ ക്ലിനിക്കുകളിൽ, നെൽകൃഷിക്കായി പ്രത്യേകം ക്ലിനിക്കുകൾ സംഘടിപ്പിക്കുക.
60. വയൽ വരമ്പുകളിൽ ശീമക്കൊന്ന നട്ടുപിടിപ്പിക്കുക.
61. കർഷക കൃഷിയിട വിദ്യാലയങ്ങളിൽ, സംയോജിത നെൽകൃഷി രീതികൾ നടപ്പാക്കുക.
62. സാധ്യമായ ഇടങ്ങളിൽ നെല്ല്-മീൻ സമ്പ്രദായം നടപ്പിലാക്കുക.
63. വീട്ടുവളപ്പിൽ നെൽകൃഷി പ്രോത്സാഹിപ്പിക്കുക.
64. ഫാമുകളിൽ വിത്തുൽപാദനം ശക്തിപ്പെടുത്തുക.
65. കൃത്യമായ ഇടവേളകളിൽ കീടനിരീക്ഷണം.
66. ഒരു അരിയുടെ കഥ- മാധ്യമങ്ങളിലൂടെ നെൽകൃഷി സംബന്ധിച്ച് ലേഖനങ്ങൾ ആഴ്ചതോറും പ്രസിദ്ധീകരിക്കുക.
67. അനുയോജ്യമായ തദ്ദേശീയ-പാരമ്പര്യ അറിവുകളുടെ പ്രോത്സാഹനം.
68. തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി നെൽകൃഷിക്കായി ആവശ്യമായ ഇടങ്ങളിൽ ജലസേചന കുളങ്ങളുടെ നവീകരണം.
69. നഗരമേഖലകളിൽ ഗ്രോബാഗിലൂടെ നെൽകൃഷിയുടെ പ്രോത്സാഹനം.
70. സുരക്ഷിതമായ ഉൽപാദനോപാധികളെ സംബന്ധിച്ച് ഡീലർമാർക്ക് പരിശീലനം.

## II. നെൽകൃഷിയും വിദ്യാഭ്യാസ സ്ഥാപനങ്ങളും

1. സ്കൂൾതല നെൽകൃഷി പ്രോത്സാഹിപ്പിക്കുക.
2. മറ്റുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലൂടെ നെൽകൃഷി പ്രോത്സാഹിപ്പിക്കുക.
3. സ്കൂളുകൾ തമ്മിലുള്ള നെൽകൃഷി മത്സരങ്ങൾ പ്രോത്സാഹിപ്പിക്കുക.
4. കൈയെഴുത്തു പ്രസിദ്ധീകരണങ്ങൾ തയ്യാറാക്കുന്നതിനായി പ്രോത്സാഹിപ്പിക്കുക.
5. നെൽകൃഷിയുമായി ബന്ധപ്പെട്ട പഠനയാത്രകൾ സംഘടിപ്പിക്കുക.
6. വിദ്യാർത്ഥികളിലൂടെ വീട്ടുവളപ്പുകളിൽ നെൽകൃഷി പ്രോത്സാഹിപ്പിക്കുക.
7. ഭക്ഷ്യവിളകൾ പരിപോഷിപ്പിക്കുന്നതിനായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഹരിത ക്ലബുകൾ സ്ഥാപിക്കുക.

## III. നെൽകൃഷിയും തൊഴിലും

1. വർഷങ്ങളായി നെൽകൃഷിയിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് അംഗീകാരം.
2. സസ്യ സംരക്ഷണ മേഖലയിൽ പരിശീലനം.

## IV. നെൽകൃഷിയും യുവജനവും

1. നെൽകൃഷിയിൽ യുവജനങ്ങൾക്ക് പ്രോത്സാഹനം.
2. നെൽകൃഷിയിൽ യുവജനങ്ങൾക്ക് ബോധവൽക്കരണം.
3. നെൽകൃഷി മേഖലയിൽ തൊഴിലധിഷ്ഠിത പദ്ധതികൾ.

## V. നെൽകൃഷിയിൽ നൂതന വിദ്യകൾ

1. നെൽകൃഷി മേഖലയിൽ നൂതന വിദ്യകൾക്കും അവയുടെ ഉപജ്ഞാതാക്കൾക്കും അംഗീകാരം.

## VI. നെൽകൃഷിയും പരിസ്ഥിതിയും

1. ഭൂജല സംരക്ഷണം ഉൾപ്പെടെ നെൽകൃഷിയും പരിസ്ഥിതിയും സംബന്ധിച്ചുള്ള ക്യാമ്പയിനുകൾ.

## VII. നെല്ല് സംസ്കരണവും വിപണനവും.

1. ഗ്രൂപ്പുകൾക്കായി ചെറുകിട അരിമില്ലുകൾ സ്ഥാപിക്കുക.
2. നഗരപ്രദേശങ്ങളിൽ ചെറുകിട മില്ലുകൾക്ക് പ്രോത്സാഹനം.
3. അരിയുടെ ആഭ്യന്തരമായ ഉപയോഗത്തിന് പ്രാദേശിക ബ്രാൻഡുകൾ പ്രചരിപ്പിക്കുക.
4. ഓൺ ലൈൻ വിപണനം പരിപോഷിപ്പിക്കുക.
5. മൂല്യാധിഷ്ഠിത ഉൽപ്പന്നങ്ങൾ പ്രചരിപ്പിക്കുക.
6. ഇക്കോ ഷോപ്പുകൾ സ്ഥാപിക്കുക.
7. കുടുംബശ്രീയിലൂടെയും സഹകരണ സ്ഥാപനങ്ങളിലൂടെയും മില്ലുകൾ സ്ഥാപിക്കുക.

**VIII. നെൽകൃഷിയും വിനോദ സഞ്ചാരവും.**

1. സാധ്യമായ ഇടങ്ങളിൽ താമസ സൗകര്യത്തോട്ടുകൂടി നെൽകൃഷി മേഖലകളിൽ വിനോദ സഞ്ചാര പദ്ധതികൾ സംഘടിപ്പിക്കുക.

**IX. നെൽകൃഷിയും കായികമേഖലയും.**

1. കർഷകർക്കും യുവജനങ്ങൾക്കുമായി കാർഷിക കായിക വിനോദങ്ങൾ പ്രചരിപ്പിക്കുക. (ഉദാ:- ഞാറു നടീൽ, വടം വലി തുടങ്ങിയവ.)

**X. നെൽകൃഷിയും ആയുർവ്വേദവും.**

1. ആയുർവ്വേദ മേഖലകളിൽ ആരോഗ്യ സംരക്ഷണത്തിന് അരിയുടെ പ്രാധാന്യം പ്രചരിപ്പിക്കുക.

**XI കലാസാംസ്കാരികം**

1. നെൽകൃഷിയെ സംബന്ധിച്ച ലഘുരേഖകൾ തയ്യാറാക്കി വിതരണം ചെയ്യുക
2. നെൽകൃഷിയെ സംബന്ധിച്ചുള്ള പ്രവർത്തനങ്ങൾ ഡോക്യുമെന്റ് ചെയ്യുക
3. നെല്ലിന്റെ കലാപരമായ സങ്കേതങ്ങൾ പരിപോഷിപ്പിക്കുക
4. വീടുകളിൽ കതിരുകെട്ട് പ്രചരിപ്പിക്കുക
5. നെല്ലിൽ കലാപരമായി പ്രവർത്തനങ്ങളിലേർപ്പെട്ടുന്നവർക്ക് അവാർഡുകൾ നൽകുക
6. നെല്ലിനങ്ങൾ പ്രദർശിപ്പിക്കുന്ന ടീ ഷർട്ടുകൾ പ്രോത്സാഹിപ്പിക്കുക

3) ബന്ധപ്പെട്ട വകുപ്പ മേധാവികളും ജില്ലാ കളക്ടർമാരും മേൽ കർമ്മപദ്ധതി നടപ്പിലാക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
സുരേഷ് കുമാർ വി.എസ്
അഡീഷണൽ സെക്രട്ടറി

To,

ഡയറക്ടർ, കൃഷി വകുപ്പ് തിരുവനന്തപുരം.
ഡയറക്ടർ, ഹോർട്ടികോർപ്പ് / ഡയറക്ടർ, ഹോർട്ടിമിഷൻ
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (മാധ്യമങ്ങളിലൂടെയുള്ള വിപുലമായ പ്രചരണത്തിന്)

എല്ലാ ജില്ലാ കളക്ടർമാർക്കും
ഡയറക്ടർ, മണ്ണു സംരക്ഷണ പര്യവേക്ഷണ വകുപ്പ്
രജിസ്ട്രാർ, കാർഷിക സർവ്വകലാശാല
ഡയറക്ടർ, കുടുംബശ്രീ മിഷൻ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, ജലസേചന വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം
രജിസ്ട്രാർ, സഹകരണവകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്, തിരുവനന്തപുരം
ഗ്രാമ വികസന വകുപ്പ് കമ്മീഷണർ, തിരുവനന്തപുരം
ഡയറക്ടർ, ക്ഷീര വികസന വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, വ്യവസായ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, പൊതു വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, സമേതി, ആനയറ, തിരുവനന്തപുരം
എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും
തദ്ദേശ സ്വയംഭരണ വകുപ്പ്
പൊതു വിദ്യാഭ്യാസ വകുപ്പ്
ഉന്നത വിദ്യാഭ്യാസ വകുപ്പ്

തൊഴിൽ വകുപ്പ്
വ്യവസായ വകുപ്പ്
വിവരസാങ്കേതിക വകുപ്പ്
ജലസേചന വകുപ്പ്
പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്
സഹകരണവകുപ്പ്
പരിസ്ഥിതി വകുപ്പ്
വിനോദ സഞ്ചാര വകുപ്പ്
ആയുഷ് വകുപ്പ്
ക്ഷീര വികസന വകുപ്പ്
കായിക യുവജനക്ഷേമ വകുപ്പ്
കലാസാംസ്കാരിക വകുപ്പ്
വെബ് & ന്യൂ മീഡിയ (സർക്കാർ വെബ് സൈറ്റിൽ ചേർക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :-

ബഹു. കൃഷി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
അഡീഷണൽ സെക്രട്ടറിയുടെ സി.എയ്ക്ക്
ഡെപ്യൂട്ടി സെക്രട്ടറി, കൃഷി (പി.എ.) വകുപ്പ്
അണ്ടർ സെക്രട്ടറി, കൃഷി (പി.എ.) വകുപ്പ്